സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

dtekerala@gmail.com

**04712561307**

<u>നടപടിക്രമം</u>

വിദ്യാഭ്യാസം - സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം- ശ്രീ ഷിനു.ഇ.എൻ, ട്രേഡ്സ്മാൻ(ഇലക്ട്രിക്കൽ) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബൂണൽ മുമ്പാകെ ഫയൽ ചെയ്ത **OA(EKM)-1473/2024** കേസിൽ **12.11.2024** ലെ ഉത്തരവ് പാലിച്ച് ട്രേഡ്സ്മാൻ തസ്തികയിൽ നിന്നും ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് **II** തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം(ബി) വിഭാഗം**

**DTETVM/5270/2025-EB2 (EB)** തീയതി.**06-07-2025**

---

വായന:-

1. ഈ ഓഫീസിലെ **3.6.2019** തീയതിയിലെ **EB3/29231/17/**ഡിടിഇ നമ്പർ സർക്കുലർ.
2. ഈ ഓഫീസിലെ **24.11.2020** തീയതിയിലെ **EG3/21037/20/**ഡിടിഇ നമ്പർ സർക്കുലർ.
3. സ.ഉ.(സാധാ) നം **335/2025/**എച്ച്ഇഡിഎൻ തീയതി **14.03.2025** സർക്കാർ ഉത്തരവ്.
4. ഈ ഓഫീസിലെ ഉത്തരവ് നമ്പർ **DTETVM/2651/2025-EB3 (EB)** തീയതി **18.04.2025.**
5. ഈ ഓഫീസിലെ ഉത്തരവ് നമ്പർ **DTETVM/488/2025-EG3 (EG)** തീയതി **20/05/2025.**

## <u>ഉത്തരവ്</u>

മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ശ്രീ ഷിനു. ഇ. എൻ(പെൻ.**670317**) ഇലക്ട്രിക്കൽ വിഭാഗം ട്രേഡ്സ്മാൻ, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത **OA(EKM)-1473/2024** കേസിൽ **12.11.2024** ലെ വിധിന്യായം പാലിച്ച് പുറപ്പെടുവിച്ച വായന (3) സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിക്കൊണ്ട് ഈ കാര്യാലയത്തിൽ നിന്ന് ചുവടെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു-

ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ) തസ്തികയിലേക്കുള്ള തസ്തികമാറ്റത്തിനുള്ള വായന(1) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം. 2 ശ്രീ. മനീഷ് ചിത്തനും ക്രമ നം. 3 ശ്രീ. അനിസ്. വി. പിക്കും ഇടയിലായി ക്രമ നം.2 (എ) ആയി ശ്രീ.ഷിനു ഇ. എൻ ൻറെ സീനിയോറിറ്റി പുതുക്കി നിശ്ചയിച്ചും ശ്രീ.ഷിനു ഇ. എൻ -ൻറെ തൊട്ടടുത്ത ജൂനിയറായ ശ്രീ. അനീസ്. വി. പി-ക്ക് തസ്തികമാറ്റം അനുവദിച്ച **03.06.2019** തീയതി മുതൽ ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ) തസ്തികയിലേക്കുള്ള തസ്തികമാറ്റത്തിൻറെ പ്രാബല്യ തീയതി പുതുക്കി നിശ്ചയിച്ചും വായന (4) -ലെ ഉത്തരവായിരുന്നു.

തുടർന്ന് വായന (2) പ്രകാരമുള്ള ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ) തസ്കയിലുള്ളവരുടെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം. 3. ശ്രീ. മനീഷ് ചിത്തനും ക്രമ നം.4. ശ്രീ. അനിസ്. വി.പിക്കും ഇടയിലായി ക്രമ നം.3 (എ) ആയി, ശ്രീ.ഷിനു ഇ.എൻ ൻറെ ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ) തസ്തികയിലെ സ്ഥാനം പുതുക്കി നിശ്ചയിച്ച് വായന (5) പ്രകാരം ഉത്തരവായിരുന്നു.

തുടർന്ന് ശ്രീ.ഷിനു.ഇ.എൻ ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് **II** ആയി സ്ഥാനക്കയറ്റം നല്കുന്നത് പരിശോധിച്ചതിൽ ടിയാന്റെ തൊട്ടടുത്ത ജൂനിയറായ ശ്രീ. അനീസ്.വി.പി(പെൻ:**558044**) ട്രേഡ് സ്മാൻ (ഇലക്ട്രിക്കൽ) തസ്തികയിൽ നിന്ന് ട്രേഡ്

ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം പരിത്യജിക്കുകയുണ്ടായി. അതിനാൽ ശ്രീ. അനീസ്.വി.പി -യുടെ തൊട്ടടുത്ത ജൂനിയറായ ശ്രീ.സന്തോഷ്.പി ക്കു ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II ആയി 17-08-2024 -ന് സ്ഥാനക്കയറ്റം ലഭിച്ചിരുന്നു. ട്രേഡ്സ്മാൻ തസ്തികയിലെ ജീവനക്കാരുടെ വായന (5) അനുസരിച്ചുള്ള പരിഷ്കരിച്ച സീനിയോറിറ്റി പ്രകാരം ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II ആയി സ്ഥാനക്കയറ്റം ലഭിച്ച തൊട്ടടുത്ത ജൂനിയറായ ശ്രീ. സന്തോഷ്.പി ക്കു പ്രസ്തുത സ്ഥാനക്കയറ്റം ലഭിച്ച 17-08-2024 തീയതി പ്രാബല്യത്തിൽ ശ്രീ.ഷിനു.ഇ.എൻ ന് സ്ഥാനക്കയറ്റം നല്കാവുന്നതുമാണ്.

മേൽ സാഹചര്യത്തിൽ ട്രേഡ്സ്മാൻ തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീ.ഷിനു.ഇ.എൻ ന് 1958 ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസിലെ, റൂൾ 28 (a) പ്രകാരം ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികയിലേക്ക് ₹35600-75400/- രൂപ ശമ്പള സ്കെയിലിൽ 17-08-2024 തീയതി പ്രാബല്യത്തിൽ താൽകാലികമായി സ്ഥാനക്കയറ്റം നൽകി ടിയാൻ്റെ പേരിനു നേരെയുള്ള സ്ഥാപനത്തിൽ നിയമിച്ചുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 12.11.2024 ലെ വിധിന്യായം നടപ്പിലാക്കി ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര്,പെൻ,നിലവിൽ ജോലി സ്ഥാപനം | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം | പ്രാബല്യതീയതി |
|---|---|---|---|
| 1. | ശ്രീ.ഷിനു.ഇ.എൻ<br>പെൻ നം. 670317<br>മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്,തൃശൂർ | ജി.ഇ.സി, കണ്ണൂർ | 17/08/2024 |

*ജീവനക്കാരൻ അയോഗ്യനാണെന്ന് കണ്ടെത്തുകയോ ഒഴിവില്ലാത്ത സാഹചര്യമുണ്ടാകുകയോ ചെയ്താൽ സ്ഥാനക്കയറ്റം റദ്ദാക്കപ്പെടുന്നതായിരിക്കും.
*സ്ഥാനക്കയറ്റം ലഭിച്ചവർക്ക് പുതിയ തസ്തികയിലെ തുടർച്ചയായുള്ള രണ്ട് വർഷ സേവനത്തിനിടയിലെ ഒരു വർഷം നിരീക്ഷണകാലമായിരിക്കും.
*10.02.2021 ലെ ജി.ഒ.പി 27/2021/Fin നമ്പർ ഉത്തരവിലെ പാര (36) പ്രകാരമായിരിക്കും സ്ഥാനക്കയറ്റം ലഭിച്ചവരുടെ ശമ്പളം നിർണ്ണയിക്കുന്നത്.
*സ്ഥാനക്കയറ്റം ലഭിച്ചവർക്ക് നിയമാനുസൃത അർഹതയുണ്ടായിരിക്കും. പ്രവേശനകാലം, യാത്രപ്പടി എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കും.
*സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥനെ മേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതാണ്.കൂടാതെ വിടുതൽ/ജോയിനിംഗ് റിപ്പോർട്ട് താമസം കൂടാതെ ഈ കാര്യാലയത്തിൽ അയച്ചുതരേണ്ടതാണ്.

JAYAPRAKASH P
DIRECTOR(INCHARGE)

പകർപ്പ്:-

1.അഡ്വക്കേറ്റ് ജനറൽ, കേരള (എറണാകുളം)(ആമുഖ കത്ത് സഹിതം)

2.ബന്ധപ്പെട്ട സ്ഥാപന മേധാവി (ഔദ്യോഗിക വെബ്സൈറ്റ് മുഖേന).

3.ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ഔദ്യോഗിക വെബ്സൈറ്റ് മുഖേന).

4.ഇബി3 സെക്ഷൻ.

5.ഇജി3 സെക്ഷൻ.

6.കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

Signed by
Jayaprakash P
Date: 06-07-2025 11:50:18